I ഇ.ബി. XIV - കേരള നിയമസഭ/II-23

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 നവംബർ 4, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തര പ്രമേയം

വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും കൂട്ട ബലാൽസംഗങ്ങളും സ്ത്രീകളെ അപമാനിക്കലും ക്വട്ടേഷൻ സംഘങ്ങളുടെ അക്രമങ്ങളും തടയുന്നതിനും പ്രതികളെ കണ്ടെത്തുന്നതിലും പോലീസിന്റെ

ഭാഗത്ത് വീഴ്ച ഉണ്ടാകുന്നതായും പോലീസ് പ്രതികൾക്ക് ഒത്താശ ചെയ്യുന്നതായി മാധ്യമ വാർത്തകൾ സൂചിപ്പിക്കുന്നതായും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനിൽ അക്കര, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി സ്വദേശിയായ യുവതിയെ നാലോളംപേർ ചേർന്ന് ബലാൽസംഗം ചെയ്തുവെന്ന പരാതിയിന്മേൽ പേരാമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും പരാതിക്കാര്യം അടിസ്ഥാന രഹിതമാണെന്ന് യുവതി മൊഴി നൽകിയിട്ടുള്ളതും വടക്കാഞ്ചേരി മജിസ്ട്രേറ്റ് യുവതിയുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പോലീസ് മോശമായി പെരുമാറിയെന്നും പരാതി അടിസ്ഥാന രഹിതമാണെന്ന മൊഴി നൽകാൻ പോലീസ് ഉദ്യോഗസ്ഥർ പ്രേരിപ്പിച്ചുവെന്നും കഴിഞ്ഞ ദിവസം വാർത്താ മാധ്യമങ്ങളിലൂടെ

യുവതി ഉന്നയിക്കുകയുണ്ടായി. ഈ വിഷയം കാലതാമസമില്ലാതെ അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പാലക്കാട് ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട യുവതിയെ 26-10-2016 മുതൽ കാണാതായ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 31-10-2016-ന് കൊല്ലത്തുനിന്നും യുവതിയെ കണ്ടെത്തുകയുമുണ്ടായി. വൈദ്യ പരിശോധനയിൽ പീഡനം നടന്നുവെന്ന് വെളിവായതിനാൽ കേസെടുത്ത് അന്വേഷണം നടത്തിവരികയാണ്. തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട 17 വയസ്സുള്ള യുവതിയെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട കേസിൽ പ്രതിയെ റിമാന്റ് ചെയ്തിട്ടുണ്ട്. എറണാകുളം കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന യുവതിയെ വീട്ടിൽവച്ച് ബലാൽസംഗം ചെയ്തുവെന്ന പരാതിയിന്മേൽ രണ്ടുപേരെ പ്രതികളാക്കി ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്. തിരുവല്ല കുറ്റപ്പുഴയിൽ 40 വയസ്സുള്ള സ്ത്രീയെ പീഡനോദ്ദേശ്യത്തോടെ കഴുത്തിൽ അമർത്തുകയും ഫോണിൽ വിളിച്ച് അസഭ്യം പറയുകയും ചെയ്തതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ തിരുവല്ല പോലീസ് അന്വേഷണം

നടത്തിവരികയാണ്. മേൽപ്പറഞ്ഞ കേസുകളിലെല്ലാം പോലീസ് ജാഗ്രതയോടെയും കാര്യക്ഷമതയോടെയും പ്രതികളുടെ മുഖം നോക്കാതെയുമാണ് നടപടി സ്വീകരിച്ചുവരുന്നത്.

ശ്രീ. അനിൽ അക്കര: വടക്കാഞ്ചേരിയിലെ കേസുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട കേസ് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലാണ് രജിസ്റ്റർ ചെയ്തത്. കേസിന്റെ തെളിവെടുപ്പ് വേളയിൽ പേരാമംഗലം സി.ഐ. പരാതിക്കാരിയോട് വളരെ മോശമായാണ് പെരുമാറിയിട്ടുള്ളത്. ഈ കേസിൽ ധാരാളം ദുരൂഹതകളടങ്ങിയിട്ടുണ്ട്. കേസ് ഒത്തുതീർപ്പാക്കാനുള്ള ശ്രമങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്നുമുണ്ടായിട്ടുണ്ട്. ഗുരുവായൂർ എ.സി.പി.യും തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറും ഈ കേസ്സിന്റെ അന്വേഷണച്ചുമതല ഏറ്റെടുത്താൽ കേസ് തെളിയിക്കപ്പെടാനുള്ള സാധ്യത വിരളമായിരിക്കും. വനിതാ അഭിഭാഷക, പേരാമംഗലം സി.ഐ, മെഡിക്കൽ കോളേജ് പോലീസ് ഇൻസ്പെക്ടർ, ഗുരുവായൂർ എ.സി.പി, സിറ്റി പോലീസ് കമ്മീഷണർ എന്നിവരെ അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരികയും വനിതാ എ.ഡി.ജി.പി.യെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കുകയും വേണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സംഭവം നടന്നത് 2014 ഏപ്രിൽ മാസം ആണെന്നാണ് പറഞ്ഞിട്ടുള്ളത്. തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടരന്വേഷണം പേരാമംഗലം പോലീസ് ഇൻസ്പെക്ടർ നടത്തിയിട്ടുള്ളതുമാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു വീഴ്ചയും വന്നിട്ടില്ല. ഇപ്പോൾ കേസന്വേഷണം നടത്തുന്നത് ഗുരുവായൂർ എ.സി.പി.യാണ്. കേസന്വേഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതി പ്രതിപക്ഷത്തിനുണ്ടായാൽ പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. നാടിന്റെ യശസ്സിനും ജനങ്ങളുടെ സുരക്ഷിതത്വത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും തടസ്സമാകുന്ന ഒരു സംഭവവും സർക്കാർ നിസ്സാരമായി കാണുന്നതല്ല. ഇത്തരം പ്രവണതകൾക്കെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒന്നിച്ച് നീങ്ങേണ്ടതാണ്. സാമൂഹ്യബോധത്തിന് കോട്ടമുണ്ടാക്കുന്ന മദ്യം, മയക്കുമരുന്ന്, സ്ത്രീപീഡനങ്ങൾ എന്നിവയ്ക്കെതിരായും മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗത്തിനെതിരായും ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റവാളികളെ

നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. കുറ്റക്കാരെ പൊതുസമൂഹത്തിൽനിന്നും ഒറ്റപ്പെടുത്തിക്കൊണ്ട് പാർട്ടിയിൽ അംഗത്വം നൽകുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതല്ല. പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുകയില്ലെന്ന് ഉറപ്പ് നൽകുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, റ്റി. എ. അഹമ്മദ് കബീർ, സി. എഫ്. തോമസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി.

ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രതിസന്ധി

ശ്രീ. കെ. കൃഷ്ണൻകുട്ടി: സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനമുണ്ടാക്കി കേന്ദ്ര സർക്കാരിൽനിന്ന് നഷ്ടപരിഹാരം ലഭിക്കാനുള്ള സാധ്യതകൾ

ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാർ രൂപം നൽകിയ National Action Plan for Climate Change-ന്റെ അടിസ്ഥാനത്തിൽ State Action Plan for Climate Change തയ്യാറാക്കി അനുസൃതമായ നടപടികൾ സ്വീകരിക്കണം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫണ്ടിംഗ് പ്രൊപ്പോസൽ തയ്യാറാക്കാൻ അന്താരാഷ്ട്ര കൺസൾട്ടിംഗ് ഏജൻസിയെ ചുമതലപ്പെടുത്താൻ സംസ്ഥാനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നബാർഡ് വഴി നൽകുന്ന ഗ്രീൻ ക്ലൈമറ്റ് ഫണ്ട് (ജി.സി.എഫ്.) ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാനും ജി.സി.എഫ്. തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ വിവിധ ജനവിഭാഗങ്ങളുടെ ചർച്ചയ്ക്ക് വിധേയമാക്കാനും തയ്യാറാകണം. കേന്ദ്ര സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം. നിലവിലുള്ള ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും പുതിയവ ഉണ്ടാക്കുന്നതിനും പുതിയ കർമ്മ പദ്ധതികൾ തയ്യാറാക്കണം. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു നയം ആവിഷ്കരിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : കാലാവസ്ഥാ വ്യതിയാനം സമസ്ത മേഖലകളേയും പ്രതികൂലമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. ജലസംഭരണികൾ സംരക്ഷിക്കാനും കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 9 പ്രധാന മേഖലകൾക്കാണ് കർമ്മ പദ്ധതി ഊന്നൽ നൽകുന്നത്. ബഡ്ജറ്റിനു പുറമെ കേന്ദ്രസർക്കാർ തലത്തിലും അന്താരാഷ്ട്രതലത്തിലും കർമ്മ പദ്ധതിക്കായി ഫണ്ട് ലഭ്യമാണ്. ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന നെല്ലും മീനും പദ്ധതിക്കായി 25 കോടി രൂപയുടെ കേന്ദ്രഫണ്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം, കൃഷിവികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകളുടെ സമഗ്രവികസനമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. അന്താരാഷ്ട്ര ഫണ്ടായ ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽ നിന്ന് തുക ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ലാപഞ്ചായത്തും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററും ചേർന്ന് നടത്താനുദ്ദേശിക്കുന്ന 4058.03 ദശലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന

സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ചുള്ള വിഷയങ്ങൾ പഠിക്കുന്നതിനായി കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും ഭൂവിനിയോഗവും പ്രകൃതി ചൂഷണവും നിയന്ത്രിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ജനപ്രതിനിധികളുമായും കർഷക സംഘടനാ പ്രതിനിധികളുമായും ചർച്ച ചെയ്യുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപ്പാക്കുന്നതാണ്.

(2) ശബരിമല തീർത്ഥാടന കാലത്തെ ഒരുക്കങ്ങൾ

ശ്രീ. ഒ. രാജഗോപാൽ : ശബരിമല ക്ഷേത്രത്തിലെ മണ്ഡലകാലം ഈ മാസം 15-ാം തീയതി ആരംഭിക്കുകയാണ്. ദേവസ്വം ബോർഡും സർക്കാരും ഭക്തജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പന്തളം റോഡിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിനും അവിടത്തെ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുമ്പോഴുണ്ടാകാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന ഭക്തർക്ക്

യാത്രാസൗകര്യമൊരുക്കണം. പരമ്പരാഗതമായി മകര ജ്യോതി തെളിയിച്ചുകൊണ്ടിരുന്ന ആദിവാസികളുടെ അവകാശം നിഷേധിക്കരുത്. ട്രേഡ് യൂണിയനുകളുടെ സമരം ഒത്തുതീർപ്പാക്കാനും ഭക്ഷണശാലയുടെ പണി പൂർത്തീകരിക്കാനും തീർത്ഥാടകർക്ക് വേണ്ട സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): തീർത്ഥാടകർക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുദ്യോഗസ്ഥരുമായി അവലോകന യോഗങ്ങൾ നടത്തുകയും അടിയന്തരമായി കൈക്കൊള്ളേണ്ട നടപടിക്രമങ്ങളെപ്പറ്റി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി തീരുമാനങ്ങൾക്ക് വിധേയമായി ദേവസ്വം ബോർഡിന് പ്രവർത്തിക്കേണ്ടി വരുമ്പോൾ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. ശുദ്ധജലവിതരണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വാട്ടർ അതോറിറ്റി ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡ് 200 കിയോസ്കുകൾ ഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്നു. തീർത്ഥാടന കാലത്ത് പമ്പയിലും സന്നിധാനത്തും സ്പെഷ്യാലിറ്റി

ബ്ലോക്കുകളോടുകൂടിയ ആശുപത്രികൾ പ്രവർത്തിപ്പിക്കുന്നതാണ്. 2000 പേർക്ക് ഒരേസമയം ആഹാരം നൽകാൻ കഴിയുന്ന തരത്തിലുള്ള അന്നദാനപ്പുരയും വിരിവയ്ക്കുന്നതിന് സന്നിധാനത്തും ഇടത്താവളങ്ങളിലും സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 40 ലക്ഷം ടൺ അപ്പവും അരവണയും സ്റ്റോക്കുണ്ടാകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നെയ്യഭിഷേകം നടത്തുമ്പോഴുണ്ടാകുന്ന ഭക്തജനത്തിരക്ക് കുറയ്ക്കുന്നതിനായി നെയ്ത്തോണി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മികച്ച യാത്രാസൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ചെങ്ങന്നൂർ മുതൽ പമ്പ വരെ ശബരി നോൺ സ്റ്റോപ്പ് സർവ്വീസ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ ഭക്തജനങ്ങളുടെ സൗകര്യാർത്ഥം റെയിൽവേ/ബസ് സ്റ്റേഷനുകൾ, ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ വിവിധ ഭാഷകളിലുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അനൗൺസ്മെന്റ് നടത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക സ്ക്വാഡുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേയും ബി.എസ്.എൻ.എൽ.-ഉം വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മകരജ്യോതി തെളിയിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസികൾ 69 വർഷമായി തുടർന്നുകൊണ്ടിരിക്കുന്ന രീതി തന്നെയാണ്

ഇപ്പോഴും തുടരുന്നത്.

## III സബ്മിഷൻ

### (1) തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പ്രവർത്തനം

ശ്രീ. വി. കെ. സി. മമ്മത് കോയ: തിരുവണ്ണൂർ കോട്ടൺ മിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് ജോലിയും വേതനവും നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും മുൻകാലങ്ങളിലെ നഷ്ടവും കാരണം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ മില്ലുകൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. തിരുവണ്ണൂർ കോട്ടൺ മിൽ ഉൾപ്പെടെയുള്ള നാല് മില്ലുകൾക്കായി ടെക്സ്റ്റൈൽ കോർപ്പറേഷൻ ഈ വർഷം നാലര കോടി രൂപ പ്രവർത്തന മൂലധനം അനുവദിച്ചിരുന്നു. ഈ തുക മറ്റ് ചെലവുകൾക്കാണ് ഉപയോഗിച്ചത്. വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതിബന്ധം വിച്ഛേദിച്ചിരിക്കുന്നത് ഉൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കൂടുതൽ മൂലധന നിക്ഷേപം നടത്തിയും ആധുനികവൽക്കരണത്തിന് ഊന്നൽ നൽകി വൈവിദ്ധ്യവൽക്കരണത്തിലൂടെ തിരുവണ്ണൂർ കോട്ടൺ മിൽ ഉൾപ്പെടെയുള്ള

കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പാക്കേജ് ഉടൻ തയ്യാറാക്കുന്നതാണ്.

(2) മാതൃഭാഷയുടെ ഉപയോഗം

ഡോ. എൻ. ജയരാജ്: മാതൃഭാഷ ഒന്നാം ഭാഷയാക്കുന്നതിനും ഔദ്യോഗികാവശ്യങ്ങൾക്ക് മാതൃഭാഷതന്നെ ഉപയോഗിക്കുന്നതിനും പദകോശവും വ്യാകരണവും ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിനും പി.എസ്.സി. മുഖേന സർക്കാർ നിയമനം ലഭിക്കുന്നവർക്ക് പ്രത്യേക മലയാള പരീക്ഷ പാസ്സാകണമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിനും കോടതി നടപടി മാതൃഭാഷയിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. ഭരണരംഗത്തെ ഉത്തരവുകളും സർക്കുലറുകളും കത്തിടപാടുകളും മലയാളത്തിലായിരിക്കണമെന്ന കർശന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും

സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് മലയാളത്തിൽത്തന്നെ നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ നടത്തും. ഭരണരംഗത്ത് യൂണികോഡ് ഫോണ്ടുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം ഐ.റ്റി. വകുപ്പിനും ഔദ്യോഗിക ഭാഷാ വകുപ്പിനും നൽകിയിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്ക് ഭാഷാ പരിശീലനം നൽകുന്നതിനും കോടതികളിലെ ഭാഷ മലയാളമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു സമഗ്ര ഭാഷാനിയമം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 2015-ലെ മലയാള ഭാഷ വ്യാപനവും പരിപോഷണവും ബിൽ രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണ ഭാഷ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാർ നയം പൂർണ്ണമായും നടപ്പിൽവരുത്തുന്നതിനായി എല്ലാ വകുപ്പദ്ധ്യക്ഷൻമാരും യോഗങ്ങൾ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും അവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(3) ഫയർ സ്റ്റേഷന്റെ വികസനം

ശ്രീ. എൽദോ എബ്രഹാം: മൂവാറ്റുപുഴ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മൂവാറ്റുപുഴ അഗ്നിരക്ഷാ നിലയം സ്ഥിതി ചെയ്യുന്ന ജീർണ്ണാവസ്ഥയിലായ കെട്ടിടം പൊളിച്ചുനീക്കുന്നതിനാൽ കെട്ടിടത്തിൽനിന്നും ഒഴിയണമെന്ന് നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ സാധിക്കാത്തതിനാൽ ഈ കെട്ടിടത്തിൽതന്നെയാണ് ഇപ്പോഴും ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നത്. ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 15 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(4) ടൂറിസം വൊക്കേഷണൽ കോഴ്സുകൾക്ക് അംഗീകാരം

ശ്രീ. എ. എൻ. ഷംസീർ: ടൂർഫെഡിന്റെ കീഴിലുള്ള ടൂറിസം അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിലെ ടൂറിസം വൊക്കേഷണൽ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ): ടൂറിസം വകുപ്പിനുകീഴിൽ കേരള സ്റ്റേറ്റ് ടൂറിസം അക്കാഡമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ് (TAMS) എന്ന സ്ഥാപനം ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഏവിയേഷൻ, ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി ആന്റ് കസ്റ്റമർ റിലേഷൻ എന്നീ കോഴ്സുകൾ അനധികൃതമായി നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സഹകരണസംഘം രജിസ്ട്രാർ അന്വേഷണത്തിന് ഉത്തരവിടുകയും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 108 വിദ്യാർത്ഥികൾക്ക് അംഗീകൃത യൂണിവേഴ്സിറ്റികളുടേതല്ലാത്ത സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരമോ അനുവാദമോ ഇല്ലാത്ത ഇത്തരം കോഴ്സുകളുടെ നടത്തിപ്പിനായി കേരളത്തിൽ എല്ലായിടത്തും ഫ്രാഞ്ചൈസികളെ തെരഞ്ഞെടുക്കുന്നതിനായി ടൂർഫെഡ് വക വെബ്സൈറ്റിൽ പരസ്യം നൽകി വിവിധ ജില്ലകളിൽനിന്ന് 11 ഫ്രാഞ്ചൈസികളുമായി ധാരണയിലെത്തിയിരുന്നു. ഫ്രാഞ്ചൈസി ഫീസിനത്തിൽ 35 ലക്ഷം രൂപയും കോഴ്സ് ഫീ ഇനത്തിൽ ഓരോ വിദ്യാർത്ഥിയിൽനിന്നും ഒരു ലക്ഷം രൂപയും പിരിച്ച് ഗവൺമെന്റ് അനുമതിയോ യൂണിവേഴ്സിറ്റി അഫിലിയേഷനോ അക്രഡിറ്റേഷനോ

ഇല്ലാതെയാണ് കോഴ്സുകൾ നടത്തിയത്. പൊതുജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാകുന്ന പരസ്യങ്ങളും അംഗീകാരമില്ലാത്ത കോഴ്സുകളുമാരംഭിച്ച് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്ന നടപടികൾ സഹകരണ മേഖലയുടെ വിശ്വാസ്യതയ്ക്കും സൽപ്പേരിനും കളങ്കം വരുത്തുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നതുമാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവിട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (5) 'ഗ്രാമം ആരാമം' പദ്ധതി

<u>ശ്രീ. പി. അബ്ദുൾ ഹമീദ്</u>: ചേലേമ്പ്ര പഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച 'ഗ്രാമം ആരാമം' പദ്ധതിയുടെ ഭാഗമായി കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിലെ റീസൈക്ലിംഗ് യൂണിറ്റിലേയ്ക്ക് കൊണ്ടുപോയ മാലിന്യങ്ങളടങ്ങിയ ലോറികൾ തമിഴ്നാട് പോലീസ് കസ്റ്റഡിയിലെടുക്കുകയും അതിലെ ജീവനക്കാരെ അറസ്റ്റ് ചെയ്യുകയും ചെയ്ത സംഭവത്തിലെ ദുരൂഹത മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ചേലേമ്പ്ര പഞ്ചായത്തിൽ നിന്നും ഇലക്ട്രോണിക് മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും കർണ്ണാടകയിലെ മാണ്ഡ്യയിലേയ്ക്ക് കൊണ്ടുപോകുന്നതിന് 'നിറവ്' എന്ന സ്ഥാപനത്തിന് കരാർ നൽകിയെങ്കിലും അവർ കരാർ വ്യവസ്ഥ ലംഘിച്ചു. ഈ സ്ഥാപനത്തിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകയൊന്നും നൽകിയിട്ടില്ല. ഇത്തരത്തിൽ വഞ്ചന കാണിച്ചതിന് പ്രസ്തുത സ്ഥാപനത്തോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. തമിഴ്നാട് പോലീസ് അറസ്റ്റ് ചെയ്തവർക്ക് ജാമ്യം നൽകിയിട്ടുണ്ട്. നിയമപരമായി മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുമ്പോൾ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

(6) അഷ്ടമുടിക്കായലിന്റെ സംരക്ഷണം

ശ്രീ. എം. നൗഷാദ്: കായൽ സംരക്ഷണ അതോറിറ്റി രൂപീകരിച്ചുകൊണ്ട് കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലുൾപ്പെടെയുള്ള കായലുകൾ മാലിന്യമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): പ്രാദേശികമായ ഒരുക്കൂട്ടം തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി സമഗ്രമായ ഒരു

നിയമനിർമ്മാണത്തിലൂടെ ഒരു സംസ്ഥാനതല അതോറിറ്റിയും അതിനുകീഴിൽ പ്രാദേശിക അതോറിറ്റിയും രൂപീകരിക്കുന്നതിന് കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്. അഷ്ടമുടിക്കായൽ സംരക്ഷിക്കാനാവശ്യമായ പ്രവൃത്തികൾ പ്രത്യേകം പരിശോധിക്കുന്നതാണ്.

## (7) കുടിവെള്ളക്ഷാമം

ശ്രീ. എൻ. വിജയൻ പിള്ള: ചവറ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കൊല്ലം ജില്ലയിൽ കുടിവെള്ളമെത്തിക്കുന്നതിനായി ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ പരിമിതമാണ്. ചവറ, പന്മന പഞ്ചായത്തുകളിലും കൊല്ലം നഗരത്തിലും സമീപപ്രദേശങ്ങളിലും ജലമെത്തിക്കുന്നതിനുള്ള ശുദ്ധീകരണശാലകൾ ശാസ്താംകോട്ടയിൽതന്നെയാണ് നിർമ്മിച്ചിട്ടുള്ളത്. ശാസ്താംകോട്ട കായലിലെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ഐ.പി. കനാലിൽ നിന്നുള്ള വെള്ളം ചവറ, പന്മന ശുദ്ധീകരണശാലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിലൂടെ പ്രസ്തുത പ്രദേശത്തെ ജല വിതരണം മെച്ചപ്പെടുത്താനും

ശാസ്താംകോട്ടയിൽ നിന്നുമെടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കാനും സാധിക്കും. കൊല്ലം നഗരത്തിനായുള്ള കടപുഴ പദ്ധതിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ പദ്ധതികൾക്കുപുറമേ കൊല്ലം നഗരത്തിനും സമീപപ്രദേശങ്ങൾക്കുമായി കല്ലടയാറ്റിലെ ഞാങ്കടവിൽ നിന്നും 100 എം.എൽ.ടി. ജലം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടം 2016-17 ലെ 'അമൃത്കർമ്മ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടത്തിനായി 235 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(8) സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. കെ. എസ്. ശബരീനാഥൻ : അരുവിക്കര നിയോജകമണ്ഡലത്തിലെ ആര്യനാട്, ഉഴമലയ്ക്കൽ, അരുവിക്കര, വെള്ളനാട് എന്നീ പഞ്ചായത്തുകളിലും നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള സമഗ്ര കുടിവെള്ള പദ്ധതിയും വിതുര-തൊളിക്കോട് കുടിവെള്ള പദ്ധതിയും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ആര്യനാട്, ഉഴമലയ്ക്കൽ, അരുവിക്കര, വെള്ളനാട് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്

കരമനയാറ്റിൽ കുവക്കുടി പാലത്തിന് സമീപത്തായി 20 എം.എൽ.ടി. ശേഷിയുള്ള ശുദ്ധീകരണശാല നിർമ്മിക്കുന്നതുൾപ്പെടെ 52.75 കോടി രൂപ മതിപ്പുചെലവുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെയും നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ വിപുലീകരണത്തിനുവേണ്ടിയുള്ള കുടിവെള്ളപദ്ധതിയുടെയും ശുദ്ധീകരണശാലകൾ അരുവിക്കര ജലസംഭരണിക്കുസമീപമുള്ള കുവക്കുടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ടിനുമേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(9) ഭൂമിയിടപാടുകളും നിയമങ്ങളും

ശ്രീ. എസ്. രാജേന്ദ്രൻ: ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട നിയമവിരുദ്ധമായ നിയമനങ്ങളും കരാറുകളും റദ്ദ് ചെയ്യുന്നതിനും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള വൈദ്യുതി വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈഡൽ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി മുൻ സർക്കാർ ഉണ്ടാക്കിയ കരാറുകളിൽ പാട്ടവ്യവസ്ഥയിൽ സ്വകാര്യവ്യക്തികൾക്ക് ഭൂമി

നൽകിയിട്ടില്ലെങ്കിലും ചില കരാറുകൾക്ക് പത്തൊൻപത് വർഷം വരെ കാലാവധിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഹൈഡൽ ടൂറിസം കേന്ദ്രങ്ങളിൽ പ്രാദേശികമായി ജീവനക്കാരെ നിയമിക്കുമ്പോൾ വിശദമായ പരിശോധന നടത്തുന്നതായി കാണുന്നില്ല. അവിടത്തെ ജീവനക്കാരുടെ നിയമനവും വേതനവും സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ട്. വൈദ്യുതിബോർഡിൽ നിന്ന് നഷ്ടപ്പെട്ടുപോകാൻ സാധ്യതയുള്ള ഭൂമി തിരികെ ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കും.

(10) യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തൽ

ശ്രീ. കെ. രാജൻ: ഒല്ലൂർ നിയോജകമണ്ഡലത്തിലെ നടത്തറ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ആശാരിക്കാട് ഗവ. യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): തൃശ്ശൂർ ജില്ലയിലെ ആശാരിക്കാട് യു.പി.സ്കൂൾ കെ.ഇ.ആർ. വ്യവസ്ഥയനുസരിച്ച് ഹൈസ്കൂളാക്കി ഉയർത്താൻ ആവശ്യമായ ഭൗതികസാഹചര്യം ലഭ്യമാക്കേണ്ടതുണ്ട്. ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തികൊണ്ടാകണം പുതിയ സ്കൂളുകൾ ആരംഭിക്കുകയും നിലവിലുള്ളവ ഉയർത്തുകയും ചെയ്യേണ്ടതെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ

ആയത് പരിശോധിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം വന്നതിനുശേഷം മാത്രമേ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതു സംബന്ധിച്ചും അപ്ഗ്രഡേഷൻ സംബന്ധിച്ചും തീരുമാനമെടുക്കാൻ സാധിക്കൂ.

## IV റിപ്പോർട്ട് സമർപ്പണം

(1) 2016-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി XIV-ന്റെ താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു

(i) 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) <u>അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ</u>

(i) <u>2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ</u>

## ബിൽ

ശ്രീ. ബി. സത്യൻ: 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംവരണവും മെരിറ്റും പാലിച്ചുകൊണ്ട് വ്യവസ്ഥാപിതമായ രീതിയിലല്ല ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ ജീവനക്കാരെ നിയമിക്കുന്നത്. ഈ ബില്ലിലൂടെ അവർക്ക് സ്ഥിരജോലി സ്വഭാവം കൈവരുമെന്നതിനാൽ ഇത് നിയമാനുസൃതമല്ല. കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുകയും ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതിക്കനുസരണമായി നടപ്പിലാക്കുകയും ചെയ്യുന്നതിനാൽ ഈ ബില്ലിന് പ്രസക്തിയില്ല.

ശ്രീ. ബി. സത്യൻ: ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റികളും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളും സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥാപിതമായി രൂപീകരിച്ചിട്ടുള്ളതാണ്. പദ്ധതിപ്പണം മാത്രം വിനിയോഗിച്ചുകൊണ്ട് ആശുപത്രികളുടെ സേവനം മെച്ചപ്പെടുത്താൻ കഴിയാത്ത

സാഹചര്യത്തിലാണ് ഡോ. കെ. എൻ. പൈ ചെയർമാനായ കമ്മിറ്റി റിപ്പോർട്ടിൻ പ്രകാരം ഇത്തരം സമിതികൾ നിലവിൽ വന്നത്. മെഡിക്കൽ കോളേജ് മുതൽ പി.എച്ച്.സി. വരെയുള്ള സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നത് ജനപ്രതിനിധികളും സാമൂഹ്യരംഗത്തെ പ്രമുഖരും അംഗങ്ങളായ ഈ സമിതികളാണ്. ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴി നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കൃത സമൂഹത്തിന് യോജിക്കുന്നതല്ല. സ്ഥിരം ജീവനക്കാരെന്നോ താൽക്കാലിക ജീവനക്കാരെന്നോ ഉള്ള വ്യത്യാസമില്ലാതെ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിലുള്ള എല്ലാ ജീവനക്കാർക്കും തൊഴിൽ നിയമപ്രകാരം നൽകേണ്ട ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ബിൽ കൊണ്ടുവരണമെന്നാവശ്യപ്പെടുന്നത്.

(ചർച്ച തുടരും)

## (ii) 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. റ്റി. വി. രാജേഷ്: 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി രൂപീകരണ

ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ ശക്തമായ സംവിധാനം നിലവിലുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ ഗുണനിലവാര നിയന്ത്രണോപാധികളും നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലാബുകളിൽ പച്ചക്കറികളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കുകയും വെള്ളായണി കാർഷിക കോളേജിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഉന്നത നിലവാരത്തിലുള്ള പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പഴം, പച്ചക്കറി എന്നിവയുടെ ഗുണനിലവാരം ശാസ്ത്രീയ പരിശോധനകളിലൂടെ ഉറപ്പാക്കുന്നുണ്ട്. വിഷരഹിതമായ ഭക്ഷ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി

സുരക്ഷിത കൃഷിരീതികൾ പരിപോഷിപ്പിക്കുന്നതിന് കൃഷി വകുപ്പ് വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ സന്ദർഭത്തിൽ ഇത്തരമൊരു ബിൽ പരിഗണിക്കേണ്ട ആവശ്യമില്ല.

ശ്രീ. റ്റി. വി. രാജേഷ്: കേരളത്തിൽ ലഭിക്കുന്ന പഴങ്ങളിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്ന വിഷ പദാർത്ഥങ്ങൾ ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നു. സംസ്ഥാനത്ത് ലഭിക്കുന്ന കറിവേപ്പില, പേരയ്ക്ക, ആപ്പിൾ, കരിക്ക്, ഗ്രീൻ റ്റീ തുടങ്ങിയ ഭക്ഷ്യസാധനങ്ങൾ മാരകമായ വിഷം കലർന്നവയാണ്. ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം ചേർക്കൽ തടയുന്നതിനായി കേന്ദ്രത്തിലുള്ളതുപോലെ ഒരു അതോറിറ്റി കേരളത്തിലും രൂപീകരിക്കണം. ഭക്ഷ്യസാധനങ്ങളുടെ പരിശോധനയ്ക്കായി കേരളത്തിലെ മൂന്ന് ലാബുകളുടെയും പ്രവർത്തനം ഫലപ്രദമാക്കണം.

(ചർച്ച തുടരും)

(iii) 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: 2016-ലെ അന്യസംസ്ഥാന

തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിനു കീഴിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വരുന്നതോടെ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും വിവര ശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും സാധിക്കും. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

കാണുന്നതിനും വേണ്ടിയാണ് ഇത്തരമൊരു ബിൽ കൊണ്ടുവരണമെന്നാവശ്യപ്പെടുന്നത്.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12. 30-ന് പിരിഞ്ഞു.

********